# പോലീസ് കലാമേള – 2019



പോലീസ് ഉദ്യോഗസ്ഥരിലും അവരുടെ കുടുംബാംഗങ്ങളിലും ഉറങ്ങിക്കിടക്കുന്ന സർഗ്ഗവാസനകളെയും കലാനൈപുണ്യത്തെയുംഉണർത്തിയെടുക്കുന്നതിനും അതുവഴി പോലീസ് ജോലിക്കിടയിൽ സേനാംഗങ്ങൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും വേണ്ടി ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് പോലീസ് കലാമേളകൾ സംഘടിപ്പിച്ചുവരികയാണ്. കേരളാപോലീസിലെ എല്ലാ സേനാംഗങ്ങളേയും മിനിസ്റ്റീരിയിൽ സ്റ്റാഫിനേയും അവരുടെ കുടുംബാംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പ്രസ്തുത കലാമേളകൾ നടത്തപ്പെട്ടുവരുന്നത്. എറണാകുളം റൂറൽ പോലീസ് ജില്ലയിലെ കലാമേള ഇന്ന് (22.06.2019 തീയതി) രാവിലെ 10.00 മണിക്ക് ആലുവയിലെ ജില്ലാ പോലീസ് ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് ബഹു.എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ.കെ.കാർത്തിക് IPS ഉദ്ഘാടനം ചെയ്തു..

പെരുമ്പാവൂർ ഡി.വൈ.എസ്.പി ശ്രീ.കെ.ബിജുമോൻ, ജില്ലാ ക്രൈം ബ്രാഞ്ച് ഡി.വൈ.എസ്.പി ശ്രീ.കെ.എം.ജിജിമോൻ, ജില്ലാ നാർക്കോട്ടിക് സെൽ

ഡി.വൈ.എസ്.പി ശ്രീ.എം.ആർ.മധുബാബു, കേരള പോലീസ് ഓഫീസേഴ്സ് അസ്സോസിയേഷൻ എറണാകുളം റൂറൽ ജില്ലാ സെക്രട്ടറി ശ്രീ.ജെ.ഷാജിമോൻ, കേരള പോലീസ് അസ്സോസിയേഷൻ എറണാകുളം റൂറൽ ജില്ലാ പ്രസിഡൻറ് ശ്രീ.ഇ.കെ.അബ്ദുൾ ജബ്ബാർ, എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസ് റിക്രിയേഷൻ ക്ലബ്ബ് സെക്രട്ടറി ശ്രീ.ജെറോം.കെ.കെ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിൽനിന്നുള്ള കലാകാരൻമാർ പരിപാടികൾ അവതരിപ്പിച്ചു. പോലീസ് ഉദ്യോഗസ്ഥരും, മിനിസ്റ്റീരിയൽ സ്റ്റാഫും, കുടുംബാംഗങ്ങളുമായി ഏകദേശം 250 ഓളം പേർ സന്നിഹിതരായിരുന്നു. വിജയികൾക്കുള്ള സമ്മാനദാനം ജില്ലാ നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി ശ്രീ.എം.ആർ.മധുബാബു നിർവ്വഹിച്ചു.